LIBRARY ARCHIVES Kerala Legislative Assembly

ഭവനനിർമ്മാണം.

* 616. [13] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ച് 1954–55 അവസാനംവരെ എത്തെല്ലാം സ്ഥലത്ത് എത്ര കെട്ടിടങ്ങൾവീതം പണിഞ്ഞിട്ടുണ്ട് ;

(ബി) 1955–56-ൽ എവിടെയെല്ലാം എത്ര വീടുകൾ വീതം തീർക്കാനാണുദ്ദേശിക്കുന്നത് ;

(സി) ട്രാവൻകൂർ സിമൻറ് ഫാക്ടറിയിലെ തൊഴിലാളികൾക്ക് വീടുണ്ടാക്കുന്ന കാര്യംകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏത്ര വർഷമാണ് കെട്ടിടം പണി തുടങ്ങുന്നതിനുദ്ദേശിക്കുന്നത് ; എത്ര വീടുകൾ പണി കഴിക്കുന്നതിനാണുദ്ദേശിക്കുന്നത് ;

(ഇ) പണി കഴിച്ചിട്ടുള്ള വീടുകൾ എന്ത വ്യവസ്ഥയിലാണ് തൊഴിലാളികൾക്ക് കൊടുക്കുന്നത് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇരവിപുരത്ത് 50 കെട്ടിടങ്ങളുടെ പണി മിക്കവാറും പൂർത്തിയായി. പെരുമ്പാവൂരിൽ 50 കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ട്.

(ബി) കരമന 18, തിരുമല 50, ചാക്ക 200, കണ്ണറ 100. ആലുവാ 150.

(സി) ഉണ്ട്.

(ഡി) അവസാനതീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

(ഇ) ഫാക്ടറി ഉടമകൾ മുഖാന്തിരം വാടകയ്ക്ക് കൊടുക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വാടക എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 10 രൂപ.

ശ്രീ. ടി. കെ. ദിവാകരൻ : 10 രൂപ കൊടുക്കുന്നതിനു ശേഷിയില്ലാത്ത തൊഴിലാളികളാണ് ധാരാളം ഉള്ളത് എന്നു് അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ സ്കീം അനുസരിച്ച് അധികം കെട്ടിടമില്ലാത്തതിനു് കാരണം അതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : വാടക കുറവു ചെയ്യാൻ നടപടി എടുക്കാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഓൺ യുവർ ഹൗസ് സ്കീം അനുസരിച്ച് ഇതിനു വേണ്ട നടപടി നടത്താമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനുവേണ്ടി ആളുകൾ മുന്നോട്ടു വന്നാൽ കൊള്ളാം.

ശ്രീ. കെ. കരുണാകരൻ : ആമ്പല്ലൂരിലും, തൃശ്ശൂരിലും ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ച് ഉള്ള നടപടികൾ നടത്താത്തതിന്റെ കാരണം എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്ഥലം കിട്ടിയിട്ടില്ല, സ്ഥലം കിട്ടിയാൽ ഉടൻതന്നെ വേണ്ട നടപടി നടത്താം.

ശ്രീ. കെ. കരുണാകരൻ : ആമ്പല്ലൂരിൽ സക്കാർവക പുറമ്പോക്കു് ഇല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടെങ്കിൽ—അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ജെ. എ. ഷട്ട്വ : കുറഞ്ഞ വാടകയിൽ തൊഴിലാളികൾക്കു് സ്ഥലം കൊടുക്കാനുള്ള നടപടി നടത്താമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഞാൻ അതാണ് പറഞ്ഞതു്. അതു് നിവൃത്തിയില്ല. ഇങ്ങനെ വരുന്നതുകൊണ്ടാണ് ഈ സ്കീം അനുസരിച്ച് അധികം കെട്ടിടങ്ങൾ ഉണ്ടാകാതെ പോകുന്നതു്.

ശ്രീ. കെ. പി. ഹോർമിസ് : ഭവനനിർമ്മാണപദ്ധതിക്കുവേണ്ടി ആരെയെങ്കിലും കുടിയിറക്കേണ്ടി വന്നിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ വന്നിട്ടുണ്ടെങ്കിൽ അവർക്കു് വേറെ സ്ഥലം കൊടുക്കും. ഈ സ്കീം അനുസരിച്ച് ചിലപ്പോൾ അങ്ങനെ വന്നേയ്ക്കാം.

ശ്രീ. എം. ഭാസ്കരൻ നായർ : പത്തു രൂപ കൊടുക്കുന്നതിനു് തൊഴിലാളികൾക്കു് സാദ്ധ്യമല്ലാതെ ഇരിക്കെ അതു് കുറയ്ക്കാതെ ഇരിക്കുന്നതിനുള്ള അടിസ്ഥാനമെന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇൻഡ്യാഗവണ്മെന്റിന്റെ സ്കീം അനുസരിച്ച് ഇതിനു് എത്ര രൂപ ചെലവു് വരുമെന്നുണ്ടു്. അങ്ങനെ പി. സി. ആർ., പഞ്ചായത്തിനു് കൊടുക്കേണ്ട ഹൗസ്ടാക്സ്, ഇതെല്ലാം നോക്കിയാൽ വാടക 10 രൂപയിൽനിന്നും കുറയ്ക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. എസ്. നടരാജപിള്ള : ഇപ്പോഴത്തെ സ്കീം അനുസരിച്ച് ഇൻഡസ്ട്രിയലിസ്റ്റിനു വക്കീഴ്സിനു മാത്രമേ ഹൗസ് കൊടുക്കുന്നുള്ളോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : തിരുമലയിൽ ഒരു വീടിനു് വാടക എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : അവിടെ വീട് പണിയുന്നതേയുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്ര രൂപാകൊണ്ട് ഈ സ്കീം പൂർത്തിയാകും ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പലയിടത്തും ഉണ്ടാക്കേണ്ടിയിരിക്കുന്നതുകൊണ്ട് വ്യക്തമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പമ്പാറിവർവാലി സ്കീമിൽ വേന നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പല സ്ഥലത്തും ഉണ്ട്. അവിടെ ഉണ്ടോ എന്നുള്ളതു നോക്കി പറയാം.

ശ്രീ. പ്രാക്കുളം മാസി : 10 രൂപ വാടക കൂടുതലാണെന്ന് സെൻട്രൽ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്.

ശ്രീ. പ്രാക്കുളം മാസി : അതിനനുകൂലമായ മറുപടി കിട്ടിയോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. പ്രാക്കുളം മാസി : കാൺയുവർഹൌസ് സ്കീമിനു ഇൻഡ്യാ ഗവണ്മെന്റിന്റെ അനുവാദം വാങ്ങിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതാവശ്യമില്ല. അതു ഈ പദ്ധതിയിലെ ഒരു വ്യവസ്ഥയാണ്.

ശ്രീ. പി. എസ്. നടരാജപിള്ള : 10 രൂപയിൽ പലിശകൂടെ ഉൾപ്പെടുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നാലര ശതമാനം പലിശകൂടി ഉൾപ്പെടും.

ശ്രീ. പി. മാസ്ക്കരൻ നായർ : ഈ സ്കീം അനുസരിച്ച് ഒരു വീടിനു എന്തു ചെലവാകും ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 3000, 3500 രൂപ ചെലവാകും. ഇതിനു ഇൻഡ്യാഗവണ്മെന്റിൽനിന്നും 2700 രൂപ അനുവദിച്ചുതരും. ബാക്കി ഈ ഗവണ്മെന്റു ചെലവാക്കണം.

ശ്രീ. പി. മാസ്ക്കരൻ നായർ : ഇതിലും കുറഞ്ഞ തുകകൊണ്ട് സാധു തൊഴിലാളികൾക്കു വീട് നിർമ്മിച്ചുകൂടെ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ മറ്റുള്ള സ്ഥലങ്ങളിൽ അങ്ങനെങ്കിൽ ഒരു മുറിയും ഒരു വരാന്തയും മതിയാകും. നമ്മുടെ രീതി അനുസരിച്ച് കുറഞ്ഞതു രണ്ടു മുറിയും ഒരടുക്കളയും ഒരു വരാന്തയെങ്കിലും വേണം. അതുകൊണ്ട് അല്പം ചെലവു കൂടും.

ശ്രീ. പി. എസ്. നടരാജപിള്ള : ഈ 2700 രൂപ ലോണാണോ ഗ്രാന്റാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പകുതി ലോണും പകുതി ഗ്രാന്റും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. നടരാജപിള്ള : ലോണിനു് പലിശ കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കൊടുക്കണം.

ശ്രീ. പി. ആർ. മാധവൻപിള്ള : കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു് കോൺട്രാക്റ്റ് കൊടുക്കുന്നോ, ഡിപ്പാർട്ടുമെന്റിൽനിന്നു് നടത്തുന്നോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കോൺട്രാക്റ്റ് കൊടുക്കുകയാണു്.

നെല്ലുകുത്തു് അന്വേഷണകമ്മിറ്റി.

* 617. [14] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാഗവണ്മെന്റ് നിയമിച്ചിട്ടുള്ള നെല്ലുകുത്തു് അന്വേഷണകമ്മിറ്റി ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഈ ഗവണ്മെന്റ് പ്രസ്തുത കമ്മിറ്റിമുമ്പാകെ എന്തെങ്കിലും അഭിപ്രായം നൽകിയിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇൻഡ്യാഗവണ്മെന്റ് നിയമിച്ചിട്ടുള്ള നെല്ലുകുത്തു് അന്വേഷണകമ്മിറ്റി ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടു്.

(ബി) ഈ സ്റ്റേറ്റിന്റെ അഭിപ്രായം കമ്മിറ്റിമുമ്പാകെ നൽകിയിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : അതിൽ ഗവണ്മെന്റ് എന്തെല്ലാം ശുപാർശകളാണു ചെയ്തിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : അവസാനതീരുമാനം എടുത്തിട്ടില്ലാത്ത സ്ഥിതിക്കു് ഗവണ്മെന്റിന്റെ ശുപാർശകളെപ്പറ്റി എന്തെങ്കിലും പറയുന്നതു് ശരിയായിരിക്കുകയില്ല.

പഞ്ചായത്തുകളിലെ ബഡ്ജറ്റ്.

* 618. [15] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതിനകം എത്ര പഞ്ചായത്തുകളിലെ ബഡ്ജറ്റ് ഈ വർഷം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടു് ;

(ബി) എത്ര പഞ്ചായത്തുകൾ യാതൊരു പ്രവർത്തനവും നടത്താത്തതായി ഈ സംസ്ഥാനത്തുണ്ടു് ;

(സി) എത്ര പഞ്ചായത്തുകളിലെ പ്രസിഡന്റുമാരെ ഇതിനകം അഴിമതിപ്രവർത്തനംമൂലം മാറ്റിയിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 543 പഞ്ചായത്തുകളുടെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly